# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1117** **06/06/2018 ലെ മറുപടി**

## പൊഴിയൂർ (കാരോട്), അതിയന്നൂർ കുടിവെള്ളപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | **ശ്രീ. മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) 2016-17 സംസ്ഥാന ബഡ്ജറ്റിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലേക്ക് അനുവദിച്ച പൊഴിയൂർ (കാരോട്), അതിയന്നൂർ കുടിവെള്ളപദ്ധതികളുടെ ഡി. പി. ആർ, വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ചോ എന്ന് വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത പദ്ധതികൾക്ക് എത്ര കോടി രൂപയാണ് കിഫ്ബി അനുവദിക്കേണ്ടത് എന്ന് അറിയിക്കുമോ; | **എ & ബി:**<br>2016-17 ബജറ്റ് പ്രഖ്യാപനത്തിൽ ഈ പദ്ധതികൾ ഉൾപ്പെട്ടിരുന്നില്ല . എന്നാൽ 2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തോടു കൂടി പ്രഖ്യാപിച്ച കാരോട്, കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായും, അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായും യഥാക്രമം 86 കോടി രൂപയുടെയും, 25 കോടി രൂപയുടെയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരത്തിനായുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| സി) പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഡിസംബർ മാസത്തിന് മുൻപ് ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | **സി.** പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 6 മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**